

# ജാലകം

## അക്കാദമിക
## മാസ്റ്റർ പ്ലാൻ 2025-26

BOYS' HIGHER SECONDARY SCHOOL, KARUNAGAPPALLY

## ഉള്ളടക്കം


1. ആമുഖം
2. ദേശചരിത്രം
3. സി.എസ് നാടിന് നൽകിയ വിദ്യാലയം
4. വിദ്യാലയത്തിന്റെ ചരിത്ര വഴികൾ - ഇന്നലെ -ഇന്ന്
5. അക്കാദമിക - നേട്ടങ്ങൾ- പരിമിതികൾ
6. ഭൗതികം- നേട്ടങ്ങൾ- പരിമിതികൾ
7. സാമൂഹികം- നേട്ടങ്ങൾ- പരിമിതികൾ
8. വിഷയാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ

   യു.പി

   എച്ച്.എസ്
9. ഉപസംഹാരം

# ആമുഖം

കൊല്ലം ജില്ലയിലെ ഒരു തീരദേശ പട്ടണമാണ് കരുനാഗപ്പള്ളി. ആലപ്പുഴ ജില്ലയോട് ചേർന്ന് കിടക്കുന്ന കരുനാഗപ്പള്ളി താലൂക്കിന്റെ തെക്ക് അഷ്ടമുടിക്കായലും കിഴക്ക് കുന്നത്തൂർ താലൂക്കുമാണ്. ദേശിങ്ങനാടും ഓണാട്ടുകരയും ദേശാതിർത്തികൾ പങ്കിടുന്ന സ്ഥലം. കർമ്മരഥ്യയിൽ നാരായണഗുരുവും, ചട്ടമ്പിസ്വാമികളും കുമാരനാശാനും തൊട്ടുണർത്തിയ മണ്ണ്.

ബാരിസ്റ്റർ എ.കെ.പിള്ളയുടെയും, വേലുകുട്ടി അരയന്റെയും, സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെയും, കുമ്പളത്തു ശങ്കുപിള്ളയുടെയും കർമ്മ ഭൂമി. ബൗദ്ധ പാരമ്പര്യത്തിന്റെ സമ്പന്നമായ സാംസ്കാരിക ഭൂമികയായിരുന്നു കരുനാഗപ്പള്ളിയെന്നും ചരിത്രം.

കരുനാഗപ്പള്ളിയുടെ നഗരഹൃദയത്തിൽ തലഉയർത്തി നിൽക്കുന്ന, ഒരു നൂറ്റാണ്ടിലധികം പാരമ്പര്യമുള്ള വിദ്യാലയമാണ് കരുനാഗപ്പള്ളി ബോയ്സ് ഹയർസെക്കന്ററി സ്കൂൾ. പാഠ്യ-പാഠ്യേതര രംഗത്ത് സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്.

കൊല്ലം ജില്ലയിൽ ആൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാലയങ്ങളിൽ എസ്.എസ്എൽ.സിയ്ക്ക് ഏറ്റവും കൂടുതൽ A+ തുടർച്ചയായി കരസ്ഥമാക്കുന്നത് ബോയ്സ് എച്ച്.എസ്.എസ് ആണ്. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കാനും, അതിനാവശ്യമായ നിലയിൽ ചിട്ടയായ പരിശീലനം നല്കാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത നിറവാക്കിക്കൊണ്ട്, അക്കാദമിക രംഗത്തും കലാ-കായിക രംഗങ്ങളിലും ഒരുപോലെ മികവ് പ്രകടിപ്പിക്കാൻ ഈ വിദ്യാലയത്തിന് കഴിയുന്നു എന്നത് ഏറെ അഭിമാനകരമാണ് എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാൻ അനുയോജ്യമായ ബോധനരീതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നുണ്ട്.

കുട്ടികളെ പഠനത്തെയും സ്വഭാവത്തെയും ദോഷകരമായി ബാധിക്കുന്ന വിവിധ വിഷയങ്ങളിൽ മികച്ച കൗൺസിലിംഗ് നൽകാനും, സ്കൂളിന് കഴിയുന്നുണ്ട്.

അക്കാദമിക- കായിക-കലാ-ശാസ്ത്ര രംഗത്തെ മികവിന് കാരണം. മികച്ച ആസൂത്രണവും, ചിട്ടയായ നടപ്പിലാക്കലുമാണ്. ഓരോ പ്രവർത്തനങ്ങളും വിലയിരുത്താനും കൂട്ടായി പോരായ്മകൾ പരിഹരിക്കാനും ശ്രദ്ധിക്കാറുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് സമാനതകളില്ലാത്ത ഇടപെടലാണ് നടത്തിയിട്ടുള്ളത്. ജനപ്രതിനിധികളുടെയും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സർക്കാരിന്റെയും വിവിധ തരത്തിലുള്ള സഹായം ഫലപ്രദമായി ഉപയോഗിക്കാൻ മാനേജ്മെന്റിന് കഴിഞ്ഞു.

വിദ്യാലയം, വിദ്യാർത്ഥി സൗഹൃദമാക്കി മാറ്റിത്തീർക്കാൻ സ്കൂൾ പി.റ്റി.എ നിസ്തുലമായ പങ്കാണ് നിർവ്വഹിക്കുന്നത്. പൂർവ്വ വിദ്യാർത്ഥികൂട്ടായ്മ, പൂർവ്വാധ്യാപക കൂട്ടായ്മ എന്നിങ്ങനെ എല്ലാവരുടെയും സഹായം ഉറപ്പാക്കി 'സ്കൂൾതന്നെ ഒരു പാഠപുസ്തകം' എന്ന വിശാലമായ ആശയം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള പരിശ്രമം വിജയവഴിയിലാണ്.

ഒരു നൂറ്റാണ്ടിലധികം പാരമ്പര്യമുള്ള ഈ വിദ്യാലയത്തിന്റെ സംഭാവനകൾക്ക് മാറ്റ് വർദ്ധിപ്പിക്കാനും, വിവിധ രംഗങ്ങളിൽ കൈവരിച്ച മികവ് നിലനിർത്തി മുന്നേറാനും, ഗുണപരമായ നിലയിൽ പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഇത്തരത്തിലുള്ള ഒരു അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

പൊതുവിദ്യാലയങ്ങൾ സമൂഹത്തിലെ പൊതുബോധം നിലനിർത്തുന്നതിൽ വഹിക്കുന്ന പങ്ക് ഞങ്ങൾ നന്നായി തിരിച്ചറിഞ്ഞു. ജനാധിപത്യമൂല്യങ്ങളും മതനിര പേക്ഷബോധവും പൗരധർമ്മവും രൂപപ്പെടുത്തുന്നതിൽ പൊതുവിദ്യാലയങ്ങൾക്ക് വലിയ പങ്ക് നിർവ്വഹിക്കാനാവും എന്നത് ചരിത്രയാഥാർത്ഥ്യമാണ്.

പൊതുവിദ്യാലയത്തിന്റെ മികവ് സമൂഹത്തിന്റെ കൂടി മുന്നോട്ട് പോക്കിന് അനിവാര്യമാണ്. അത്തരം ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് ഉറപ്പായും പ്രതിക്ഷിക്കാം.

## ദേശ ചരിത്രം

സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യമുള്ള നാടാണ് കരുനാഗപ്പള്ളി. ഒരു കാലത്ത് ബുദ്ധമത കേന്ദ്രമായിരുന്നു ഈ നാട്. മദ്ധ്യകാലഘട്ടത്തിൽ ഹൈന്ദവ സന്യാസിമാരും, ബൗദ്ധരും, ക്രൈസ്തവ പ്രവാചകന്മാരും, ഇസ്ലാം ഫക്കീർമാരും സംഭാവന ചെയ്ത ആത്മീയപ്രകാശം ഈ നാട് ഹൃദയത്തിലേറ്റുവാങ്ങി.

ഒരിക്കൽ ഓടനാടിന്റെ ഭാഗവും, പിന്നീട് സ്വതന്ത്രവുമായ മരുതൂർകുളങ്ങര സ്വരൂപത്തിലെ പ്രധാനസ്ഥലങ്ങളിലൊന്നായിരുന്നു കരുനാഗപ്പള്ളി.

പള്ളി എന്ന പേര് ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. ബുദ്ധമതവിശ്വാസികൾ തങ്ങളുടെ വിഹാരങ്ങൾക്ക് 'പള്ളി' എന്ന വിശേഷണമാണ് നല്കിയിരിക്കുന്നത്. കരുനാഗപ്പള്ളിയും മറ്റും തൃക്കുന്നപ്പുഴ കടലിൽ മുങ്ങിപ്പോയ 'ശ്രീമൂലവാസം' എന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ബുദ്ധമത കേന്ദ്രത്തിനു കീഴിൽ പ്രവർത്തിച്ചിരുന്ന ബൗദ്ധജനപഥങ്ങളായിരുന്നു.

ശ്രീ ചട്ടമ്പിസ്വാമികളുടെയും, ശ്രീനാരായണ ഗുരുവിന്റെയും ശ്രീ നീലകണ്ഠ തീർത്ഥപാദരുടെയുമൊക്കെ നവോത്ഥാന ചിന്തകൾ നാടിന് പുതിയ പ്രഭാതം നൽകി. ആട്ടക്കഥാ രചനയിൽ വിപ്ലവം സൃഷ്ടിച്ച പന്നിശ്ശേരി നാണുപിള്ള, ബഹുമുഖപ്രതിഭയും പത്രാധിപനുമായിരുന്ന സ്കൂൾ മുൻ ഭരണ അംഗം കൂടിയായ വി.വി.വേലുക്കുട്ടി അരയൻ ഇതിഹാസ പരിഭാഷയിലുടെ ശ്രദ്ധേയനായ മുഴങ്ങോട്ടുവിള കൃഷ്ണപിള്ള, ഭഗവത്ഗീതാ പരിഭാഷയിലൂടെ ശ്രദ്ധേയനായ ഇസ്ലാമിക പണ്ഡിതൻ ഇസഹാക്ക-സാഹിബ്, സ്കൂളിന്റെ സ്ഥാപകൻ സി.എസ്.സുബ്രഹ്മണ്യൻ പോറ്റി എന്നീ പ്രഗത്ഭരുടെ സമ്പന്നമായ നേതൃതിര നാടിന് പുതുജീവൻ പകർന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിനും മഹത്തായ സംഭാവനകൾ ചെയ്ത നാടാണ് കരുനാഗപ്പള്ളി. ലാലാലജ്പത്റായിയുടെ നാമധേയത്തിൽ ഒരു മികച്ച വായനശാല രൂപം കൊള്ളാനിടയായ സന്ദർഭം തന്നെ. ദേശീയ പ്രസ്ഥാനത്തിന്റെ

ചരിത്രസാക്ഷ്യമാണ്.

## സി.എസ്. നാടിന് നല്കിയ വിദ്യാലയം

ജന്മം കൊണ്ട് ബ്രാഹ്മണനും, കർമ്മം കൊണ്ട് ബൗദ്ധനുമായ ഒരാൾ. അക്ഷര ജ്ഞാനമോ, പ്രാഥമിക വിദ്യാഭ്യാസമൊ സർവ്വത്രികമാകാതിരുന്ന ഇരുണ്ട കാലഘട്ടത്തിൽ, എല്ലാവർക്കും പഠിക്കാൻ അവസരം നല്കുന്ന വിദ്യാലയങ്ങൾ സ്ഥാപിച്ച നവോത്ഥാന നായകൻ.

സ്കൂൾ അധ്യാപകനായാണ് സി.എസ്.സുബ്രഹ്മണ്യൻപോറ്റി ജീവിതം ആരംഭിച്ചത്.

1898 -ൽ BA ഓണേഴ്സ് പാസായി

1908 - ൽ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകനായി.

- കുമാരനാശാന്റെ 'വീണപൂവിനെ' പകർത്തി സ്വന്തം മുഖവുരയോടെ ഭാഷാ പോഷിണിയിൽ പ്രസിദ്ധീകരിച്ചു.
- ബംഗാളി സാഹിത്യത്തിലെ ആദ്യ ക്ലാസിക് നോവലായ ബങ്കിം ചന്ദ്രചാറ്റർജി യുടെ, ദുർഗേശനന്ദിനി മലയാളത്തിൽ പരിഭാഷപ്പെടുത്തി (മഹാകവി ഉള്ളൂരിന്റെ അവതാരിക)

1912 - ൽ ബ്രാഹ്മണർക്കിടയിൽ നിന്നും MA പാസ്സാകുന്ന ആദ്യ യുവാവ്.

1915 - ൽ കരുനാഗപ്പള്ളി - കുന്നത്തൂർ - മാവേലിക്കര മേഖലകൾ ചേർത്തുണ്ടാക്കിയ വിദ്യാഭ്യാസ ജില്ലയിലെ ആദ്യ ഡിവിഷൻ ഇൻസ്പെക്ടർ.

1903 - 'ഒരു വിലാപം'

മലയാളത്തിലെ  ഒന്നാമത്തെ സ്വതന്ത്ര വിലാപകാവ്യം എഴുതി.

വിദ്യാഭ്യാസ ചിന്തകൻ

കവി

വിവർത്തകൻ

സാമുദായിക പരിഷ്കർത്താവ്

സാമൂഹ്യസേവകൻ

ഉല്പതിഷ്ണുവായ

മനുഷ്യസ്നേഹി

എന്ന നിലകളിലെല്ലാം ജ്വലിച്ചു നിൽക്കുന്ന ആ പ്രകാശഗോപുരം വരും തലമുറകൾക്കും മാർഗ്ഗദീപം പകരാൻ സഹായിച്ചു.

## വിദ്യാലയത്തിന്റെ ചരിത്രവഴികൾ

1916 -ൽ കേരളത്തിലെ നവോത്ഥാന നായകരിൽ പ്രമുഖനായ സി.എസ്. സുബ്രഹ്മണ്യൻപോറ്റി ലോവർഗ്രേഡ് സെക്കന്ററി സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. കരുനാഗപ്പള്ളി ഇംഗ്ലീഷ് സ്കൂൾ എന്നും ഇത് അറിയപ്പെടുന്നു. ജാതി വിവേചനം നിലനിന്ന കാലത്ത് എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രവേശനം നല്കികൊണ്ട് ഈ വിദ്യാലയം.

1933 വരെ യു.പി സ്കൂളായി പ്രവർത്തിക്കുകയും തുടർന്ന് ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു.

കുട്ടികളുടെ എണ്ണം വർധിച്ചപ്പോൾ 1962 ൽ ബോയ്സ് ഹൈസ്കൂളായും ഗേൾസ് ഹൈസ്കൂളായും വിഭജിച്ചു. 2000 -2021 വർഷം ഹയർസെക്കന്ററി വിഭാഗം ആരംഭിച്ചു.

സി.എസിന്റെ കാലത്തുതന്നെ അദ്ദേഹം സ്കൂളിന്റെ നടത്തിപ്പും ഉടമസ്ഥാവകാശവും തെരഞ്ഞെടുക്കപ്പെട്ട ജനകീയ സമിതിക്ക് കൈമാറുകയായിരുന്നു. കരുനാഗപ്പള്ളി താലൂക്കിലെ ഏഴ് വില്ലേജ് നിവാസികളുടെ ഉടമസ്ഥതയിലുള്ള സ്കൂളിന്റെ ഭരണസാരഥ്യം നിർവ്വഹിക്കുന്നത് ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു മാനേജ്മെന്റ് കമ്മിറ്റിയാണ്.

**2024-25 ൽ തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ**

| | | |
|---|---|---|
| 1. | ശ്രീവി.പി ജയപ്രകാശ്മേനോൻ | (പ്രസിഡന്റ്) |
| 2. | ശ്രീമതി. എൽ ശ്രീലത | ( സെക്രട്ടറി/ മാനേജർ) |
| 3. | പി.കെ ഗോപാലകൃഷ്ണൻ | (ഭരണസമിതിയംഗം) |
| 4. | ശ്രീ.ജി മോഹനകുമാർ | (ഭരണസമിതിയംഗം) |
| 5. | ശ്രീ.ആർ കമൽദാസ് | (ഭരണസമിതിയംഗം) |
| 6. | ശ്രീ.ദേവദാസ്. സി | (ഭരണസമിതിയംഗം) |
| 7. | ഇ നദീർ അഹമ്മദ് | (ഭരണസമിതിയംഗം) |
| 8. | ജെ.ഹരിലാൽ | (ഭരണസമിതിയംഗം) |
| 9. | ശ്രീ.ആർ അമ്പിളിക്കുട്ടൻ | (ഭരണസമിതിയംഗം) |

ബോയ്സ് എച്ച്.എസ്.എസ്.

ഇന്ന്

22 ഹയർസെക്കന്ററി അധ്യാപകരും 42 ഹൈസ്കൂൾ/ യു.പി ...... അധ്യാപകരും ഇന്ന് സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ........1096....വിദ്യാർത്ഥികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും സൈക്കിളിൽ യാത്ര ചെയ്താണ് സ്കൂളിൽ എത്തിച്ചേരുന്നത്. പണിയെടുക്കുന്ന സാധാരണ കുടുംബങ്ങളിൽ നിന്ന് വരുന്നവരാണ് വിദ്യാർത്ഥികളിൽ സിംഹഭാഗവും.

3 ബഹുനിലകെട്ടിടങ്ങളിലായി ......ഹൈടെക് ക്ലാസ്സ്മുറികളും, വിശാലമായ കളിസ്ഥലവും, സിമന്റ്, ടൈൽ പാകി മനോഹരമായ അസംബ്ലി ഗ്രൗണ്ടുകളും സ്കൂളിനെ മനോഹരമാക്കുന്നു. ബൗദ്ധപാരമ്പര്യം വിളിച്ചോതുന്ന .........അടി ഉയരം വരുന്ന 'ജീവതാളം' ശില്പം ഏറെ ശ്രദ്ധ ആകർഷിക്കുന്നതാണ്.

'ആൺ പള്ളിക്കൂടം' എന്ന നിലയിൽ അക്കാദമിക രംഗത്തും കലാകായിക രംഗത്തും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകാരപ്രദമാകുമെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു.

<u>അക്കാദമികം</u>

<u>നേട്ടങ്ങൾ</u>

കൊല്ലം ജില്ലയിൽ ആൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ $A^+$ നേടുന്ന വിദ്യാലയം എന്ന നേട്ടം തുടർച്ചയായി നേടാൻ കഴിഞ്ഞു.

സംസ്ഥാനത്തെ ആകെയുള്ള 2699 പൊതുവിദ്യാലയങ്ങളിൽ SSLC യ്ക്ക് $A^+$ നേടിയ വിദ്യാലയങ്ങളുടെ പട്ടികയിൽ 164-ാം മത് സ്ഥാനമാണ് കരുനാഗപ്പള്ളി ബോയ്സ് എച്ച്.എസ്സ്. എസ്സിനുള്ളത്.

NCC,SPC,JRC, ലിറ്റിൽ കൈറ്റ്സ് ,സ്ക്കൗട്ട് തുടങ്ങി സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സാമൂഹ്യബോധവും, സേവന മനോഭാവവും വളർത്താൻ കഴിയുന്നു.

മലയാണ്മ, ഗാന്ധിക്ലബ്ബ്, വായനക്കൂട്ടം, വിദ്യാരംഗം, തുടങ്ങിയ സമിതികൾ കുട്ടികളിൽ വായനാഭിരുചി വളർത്താൻ സഹായിക്കുന്നു.

സബ്ജില്ല, ജില്ല, സംസ്ഥാന ദേശീയതലങ്ങളിൽ- കായികരംഗത്തെ മികച്ച പരിശീലനത്തിലൂടെ നിരവധി നേട്ടങ്ങൾ കൊയ്യാൻ കഴിയുന്നു.

USS, NMMS തുടങ്ങിയ പരീക്ഷകൾക്ക് മികച്ച പരിശീലനം നൽകാൻ ശ്രദ്ധിക്കുന്നു. SSLC 100% വിജയം ഉറപ്പാക്കാൻ മികച്ച ആസൂത്രണത്തോടെ അക്കാദമിക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുന്നു.

## പരിമിതികൾ

മികച്ച ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ കഴിയും വിധം കുട്ടികളെ വ്യക്തിപരമായ വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. വിഷയാധിഷ്ഠിത ലാബുകൾ സജ്ജമാക്കി പുതിയ ബോധനരീതി ശാസ്ത്രം കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

മാതൃസമിതിയേയും, പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയേയും കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി ശിശുസൗഹൃദ വിദ്യാലയം എന്ന ആശയം ഭാവനാത്മകമായി മുന്നോട്ട് കൊണ്ട് പോകണം.

ആൺകുട്ടികൾ മാത്രം പഠിയ്ക്കുന്ന വിദ്യാലയം എന്ന നിലയിൽ കായിക പരിശീലനം മെച്ചപ്പെട്ട നിലയിൽ നടക്കുന്നുണ്ട്. എങ്കിലും ഓപ്പൺ ജിംനേഷ്യം പോലുള്ള നൂതന ആശയങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിയണം.

## ഭൗതികം

### നേട്ടങ്ങൾ

ക്ലാസ്സ് മുറികൾ എല്ലാം മനോഹരമായി ടൈൽ പാകി പെയിന്റ് ചെയ്തവയാണ്. ഹൈടെക് ക്ലാസ്സ് മുറികളാണ് എല്ലാം. പുതിയ ബഹുനില കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ഉണ്ട്. ഓരോ നിലയിലും ആധുനിക ടോയിലറ്റ് സൗകര്യവും, വിശ്രമ കേന്ദ്രവും ഉണ്ട്.

2000 ത്തോളം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന മികച്ച ലൈബ്രറിയാണ് സ്കൂളിലേത്. കുട്ടികൾ തന്നെ ക്ലാസ്സിൽ വിതരണം ചെയ്യുന്ന രീതിയാണ് ഉള്ളത്. കുട്ടികൾക്ക്

കളിക്കാനും പരിശീലനം നടത്താനും ഉതകുന്ന മികച്ച കളിസ്ഥലം വലിയ അനുഗ്രഹമാണ്.

കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള മെസ്സ് ഹാൾ, കായിക പരിശീലനത്തിന് ഉതകുന്ന വലിയ ഹാൾ എന്നിവ എടുത്തു പറയേണ്ടവയാണ്.

**പരിമിതികൾ**

എല്ലാ ക്ലാസ്സ്മുറിയിലും, കുറച്ച് കൂടി നിലവാരമുള്ള ഇരിപ്പിടം ഉറപ്പാക്കാൻ കഴിയണം.സ്കൂൾ ബാഗ് സൂക്ഷിക്കാൻ പ്രത്യേക സംവിധാനം വേണം.

സ്കൂൾലൈബ്രറി മികച്ചതാണെങ്കിലും ഡിജിറ്റലൈസ് ചെയ്ത് കാലോചിതമാക്കണം.

പുതിയ പാഠ്യപദ്ധതിക്ക് ഉപകാരപ്രദമായ മൾട്ടിമീഡിയ ഹാൾ യാഥാർത്ഥ്യമാക്കാൻ പരിശ്രമിക്കണം.

എല്ലാ വിദ്യാർത്ഥികളെയും - ഉൾക്കൊള്ളുന്ന സെമിനാർ ഹാൾ, ആധുനിക കുടിവെള്ള പദ്ധതി, ക്ലാസ്സ് മുറികളെ ബന്ധിപ്പിക്കുന്ന ശബ്ദ സംവിധാനം എന്നിവ അടിയന്തിരമായി പരിഹാരം കാണേണ്ട കാര്യങ്ങളാണ്.

ഒരു സ്പോർട്സ് പവലിയൻ, ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമാക്കണം. എല്ലാ ക്ലാസ്സിലും class room ലൈബ്രറി, ചരിത്ര ലൈബ്രറി എന്നിവ നടപ്പിലാക്കാൻ പരിശ്രമം തുടരണം.

**സാമൂഹികം**

**നേട്ടങ്ങൾ**

പി.റ്റി.എ, മാനേജ്മെന്റ് എന്നിവയുടെ പ്രവർത്തനം സമൂഹവുമായി നിരന്തരം ഇടപഴകാൻ സഹായിക്കുന്നവയാണ്. സ്കൂളിന്റെ ശതാബ്ദി ആഘോഷം നാട് കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ ഉത്സവമാക്കി മാറ്റാൻ കഴിഞ്ഞു. പുതിയ ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറുകളും പ്രദർശനങ്ങളും പൊതുജനങ്ങളുടെ നല്ല പിന്തുണ ഉറപ്പാക്കാൻ ആയി.

ക്ലബ്ബുകളുടെയും, സംഘടനകളുടെയും, ഉല്ലാസ-പഠനയാത്രകളും, സെമിനാറുകളും, സന്നദ്ധ- ബോധവത്കരണ പ്രവർത്തനങ്ങളും സമൂഹത്തിന്റെ സഹകരണം ഉറപ്പാക്കുന്നവയാണ്.

## പരിമിതികൾ

പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങൾ- അവയുടെ ബാഹുല്യം കാരണവും, സമയപരിധി ഉള്ളതിനാലും വേണ്ടത്ര ഭംഗിയായി നിർവഹിക്കാൻ കഴിയുന്നുണ്ടോ എന്ന് പുനഃപരിശോധന വേണം.

പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ, മാതൃസമിതി, PTA, ഇവ ശക്തിപ്പെടുത്തി പ്രവർത്തനങ്ങളുടെ ബാഹുല്യം ക്രമീകരിക്കാൻ കഴിയേണ്ടതുണ്ട്.

വിവിധ സർക്കാർ ഏജൻസികളുടെ, സഹായം ഉറപ്പാക്കും വിധം സാമ്പത്തിക പ്രയാസങ്ങളില്ലാതെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ, പൊതുജനസഹകരണ ത്തോടെ നടപ്പാക്കാൻ ശ്രദ്ധിക്കണം.

# Boys' HSS, Karunagappally
## Academic Master Plan - Arabic 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക,വായനയുടെ ലോകത്തേക്ക്കൈപിടിച്ചുയർത്തി വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക. | അറബിക് ലൈബ്രറി ശാക്തീകരണം. ലൈബ്രറിയിൽ അറബി വിഭാഗം കാര്യക്ഷമമാക്കുന്നു.പുതിയ അറബിക് പുസ്തകങ്ങൾശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ എന്നിവ ശേഖരിക്കുന്നു. വായനാ കോർണർ സ്ഥാപിക്കുന്നു | 6 മാസം<br>ജൂൺ മുതൽ നവംബർ വരെ | | പൂർവ്വ വിദ്യാർത്ഥികൾ, സുമനസ്സുകൾ |
| എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | ക്ലാസ്സ് കയ്യേഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസ്സിലും കുട്ടികളുടെ വിഭാഗങ്ങൾ ഉൾക്കൊള്ളിച്ച് അറബിയിൽ കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്തംബർ- നവംബർ | | സ്പോൺസർഷിപ്പ് |
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക. | മാസാന്ത ക്വിസ് കാർണിവൽ ഓരോ മാസവും നിശ്ചിത തീയതികളിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപി ച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. ഏറ്റവും കൂടുതൽ ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | | സ്പോൺസർഷിപ്പ് |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ വിവിധയിന ങ്ങളിലേക്ക് പ്രതിഭകളെ കണ്ടെത്തുന്നു. | അധ്യാപകർ | | അധ്യാപകർ |

| | | | | |
|---|---|---|---|---|
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു. | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | അധ്യാപകൻ അറബി ക്ലബ് അംഗങ്ങൾ | | |
| അറബി ഭാഷയെക്കുറിച്ച് കൂടുതലറിയൻ | അറബി ഭാഷയെക്കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | അധ്യാപകൻ അറബി ക്ലബ് അംഗങ്ങൾ | | സ്പോണസർഷിപ്പ് |

## കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും കലാ സാക്ഷരത സൃഷ്ടിക്കാനും കലാ അവബോധം ഉണ്ടാക്കാനുമുള്ള ലക്ഷ്യം | വ്യത്യസ്തങ്ങളായ കലാ സങ്കേതങ്ങളെ പരിചയപ്പെടുത്തൽ പ്രാദേശിക കലകളുടെ പ്രത്യേകതകൾ, അവയുടെ ഉത്ഭവം, വളർച്ച, നിലനിൽപ്പ് തുടങ്ങിയവ അറിയുന്നു | 1 വർഷം | ചിത്രകലാ അധ്യാപകർ | PTA |
| 2. എല്ലാ കുട്ടികൾക്കും ചിത്രകലയുടെ സങ്കേതങ്ങൾ, വർണ്ണം, രചനശൈലി എന്നിവ പരിചയപ്പെടുത്തൽ | കുട്ടികളുടെ ചിത്രങ്ങളുടെ പ്രദർശനം, നിറങ്ങളുടെ സന്നിവേശം, വ്യത്യസ്ത മീഡിയങ്ങൾ, ഓയിൽ കളർ, വാട്ടർ കളർ, പെൻസിൽസ്, അക്രിലിക്ക് പോസ്റ്റർ കളർ, പേസ്റ്റവുസ്, സോഫ്റ്റ് പേസ്റ്റൽസ്, ചാർക്കോൾ, ഗോഷ്, തുടങ്ങിയ മീഡിയങ്ങളുടെ പരിചയപ്പെടുത്തലും, പരീക്ഷണങ്ങളും,രചനയും നടത്തുന്നു. | 1 വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA |
| 3. സർഗശേഷി വികസനം | രചന പൂർത്തീകരിച്ച ചിത്രങ്ങളുടെ പ്രദർശനം, വിലയിരുത്തൽ, വിശകലനം, കലാകാരന്മാരുമായുള്ള ആശയവിനിമയം ചർച്ച | മാസത്തിൽ 1 തവണ | ചിത്രകലാ അധ്യാപകർ ആർട്സ് ക്ലബ്ബ് | PTA |

HS

## യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1.പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ദിനാചരണങ്ങൾ- പ്രാധാന ദിനാച രണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ, ചരിത്രപാധാന്യ മുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ- മാർച്ച് അക്കാദമിക വർഷം മുഴു വനായി നട ത്തുന്നു | SRG, സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2.ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കു ക. പൗരബോധം മൂല്യ ബോധം ഇവ വളർത്തുക | സ്ക്കൂൾ പാർലമെന്റ് മോക് പൗര ബോധം, സാമൂഹ്യസേവനം ഇവ യ്ക്കായുള്ള പ്രവർത്തനങ്ങൾ നട ത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെ ടുത്ത ദിനങ്ങ ളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ, സുമന സ്സുകൾ |
| 3.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്രലാബുകൾ ക്രമീ കരിക്കുന്നു. ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കു ന്നു. | വർഷം മുഴു വനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.റ്റി.എ, മാനേജ്മെന്റ് |
| 4.മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാ ത്മക പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യപരി ഷ്കർത്താക്കളെ പരിചയപ്പെ ടുക | സർവ്വേ, പ്രോജക്ട് ചർച്ചകൾ, സംവാദം ക്ലാസ്സുകൾ അഭിമുഖ ങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നട ത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥാന നിർണ്ണയം നടത്തുവാൻ പഠി ക്കുക എന്ന ലക്ഷ്യം കൈവ രിക്കുക | വിവിധ കാലാവസ്ഥാ മേഖലകളി ലൂടെ- ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന | വർഷം മുഴു വനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം (ശ്രദ്ധ, നവ പ്രഭ) | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം,<br>• വാക്യ നിർമ്മാണം<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | 1 വർഷം | മലയാളം വിഷയ സമിതി<br>SRG | P.T.A |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>• പുസ്തകം ലഭ്യമാക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• വായനോത്സവം<br>• ജന്മദിന പുസ്തകം<br>• പത്ര വായന | 1 വർഷം | വിദ്യാരംഗം ക്ലബ്<br>മലയാളം വിഷയ സമിതി | P.T.A |
| പത്ര വായന പരിപോഷിപ്പിക്കുക | • പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>• ഓരോ ക്ലാസ്സിനും ഓരോ പത്രം<br>• പ്രധാന വാർത്തകളുടെ അവതരണം<br>• പത്ര ക്വിസ് | എല്ലാ ദിവസവും | മലയാളം വിഷയ സമിതി | P.T.A |
| സർഗ്ഗശേഷി വികസനം | • വായനാനുഭവം പങ്കുവയ്ക്കൽ<br>• സാഹിത്യ ക്വിസ്<br>• പുസ്തക ചർച്ച<br>• പുസ്തകാസ്വാദനം<br><br>• സാഹിത്യകാരന്മാരുമായി സംവദിക്കൽ<br>• ശില്പ ശാല സംഘടിപ്പിക്കൽ<br><br>• അമ്മമാർക്കൊരു പുസ്തകം | മാസത്തിൽ 1തവണ<br><br>വർഷത്തിൽ 1 തവണ<br><br>ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം ക്ലബ്<br>SRG<br><br>മലയാളം വിഷയ സമിതി | P.T.A |
| ഭാഷയായ സാഹിത്യവുമായി ബന്ധപ്പെട്ട വിവര ശേഖരണം | • സാഹിത്യ പഠന യാത്ര സംഘടിപ്പിക്കൽ<br>• അനുഭവക്കുറിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ | മലയാളം വിഷയ സമിതി | P.T.A |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി ഭാഷാ അഭിരുചി വർദ്ധിപ്പിക്കുക | ലഘുകഥകൾ, കവിതകൾ എന്നിവ വായിക്കാനുള്ള അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ |
| ക്ലാസ്സ് റൂമുകൾ അറിവ് നിർമ്മാണ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കുക. | ഒരു അധ്യായന വർഷം | ഹിന്ദി അധ്യാപകൻ |
| സാഹിത്യത്തിന്റെ വിവിധ ശാഖകൾ പരിചയപ്പെടുത്തുക | കഥകളിൽ നിന്ന് തിരക്കഥകളും കഥ, കവിത എന്നിവയിൽ നിന്ന് ആസ്വാദനക്കുറിപ്പുകളും വായനാക്കുറിപ്പുകളും തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകൻ |
| വിവിധ ദിനാചരണങ്ങൾ | ഹിന്ദി ഭാഷാസാഹിത്യമേഖലകൾക്ക് ഊന്നൽ നൽകി ദിനാചരണങ്ങൾ സംഘടിപ്പിക്കുക | ഒരു അക്കാദമിക വർഷം | ഹിന്ദി അധ്യാപകൻ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | സ്കൂളിൽ പുതുതായി പ്രവേശിച്ച കുട്ടികളെകൂടി ഉൾപ്പെടുത്തി ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുക | ഒരു അക്കാദമിക വർഷം | ഹിന്ദി അധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ലേഖനം | അക്ഷരങ്ങൾ എഴുതുവാൻ പ്രയാസം ഉള്ള കുട്ടികൾക്കായി അക്ഷര ലേഖനം വാക്കുകളുടെ ലേഖനം<br>വാക്യ രചന<br>പ്രശ്ന വാചക പദലേഖനം | 1 മാസം | Skt tr | |
| 2. വായന | ക്ലാസ്സ് തല വായന മത്സരം<br>സ്കൂൾ തല വായന മത്സരം | ജൂൺ<br>ജൂലൈ | skt club | |
| 3. സംസ്കൃതദിനാചരണം | സംസ്കൃത അസംബ്ലി, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | ഓഗസ്റ്റ് | Skt club | |
| 4. കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തൽ | നിരന്തര മൂല്യനിർണ്ണയം<br>ടേം മൂല്യനിർണ്ണയം<br>വർക്ക് ഷീറ്റ് നിർമ്മാണം<br>ദൃശ്യ ശ്രവ്യമാധ്യമങ്ങളിലൂടെ സംസ്കൃതം പഠിക്കാൻ അവസരം | എല്ലാ മാസവും വർഷത്തിൽ മൂന്നു തവണ<br><br>എല്ലാ മാസവും | Skt tr | |
| 5. വിവരണം | യാത്രാ വിവരണം തയ്യാറാക്കൽ<br>പരിശീലനം | 1 വർഷം | Skt club | |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>ശാസ്ത്രലാബ് നവീകരണം</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLAMP ഫ . |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

www.apluseducare.blogspot.com or Whatsapp 9746544422

| മേഖല – ഹൈസ്കൂൾ – സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

www.apluseducare.blogspot.com or Whatsapp 9746544422

# അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുക ഇംഗ്ലീഷ് ഉച്ചാരണം മെച്ചപ്പെടുത്തുക | ഇംഗ്ലീഷ് അസംബ്ലി, ഡിബേറ്റ്<br>Reading Competition | ആഴ്ചയിൽ 3 ദിവസം<br>3 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| സംവാദസദസ്സുകൾ<br>ഭിന്നശേഷികുട്ടികൾക്ക് കൂടി അവസരം<br>സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഭാഷാ പഠനത്തിന് പ്രയോജനപ്പെടുത്തുന്നു | ഗ്രാന്റ് പേരന്റ്സ് ഡേ<br>റീൽസ് നിർമ്മാണം, ഇംഗ്ലീഷ് ഫിലിം, എന്നിവ കാണാനുള്ള അവസരം | 3 മാസത്തിൽ ഒരിക്കൽ<br>വർഷത്തിൽ 3 തവണ<br>3 മാസത്തിൽ ഒരിക്കൽ | P.T.A, SRG<br>ഇംഗ്ലീഷ് ടീച്ചേഴ്സ്<br>ഇംഗ്ലീഷ് ക്ലബ്ബ് | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക<br>ഭിന്നശേഷി കുട്ടികൾക്ക് കൂടി അവസരം | Role Play, കൊറിയോഗ്രാഫി, Speech | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| ഇംഗ്ലീഷിൽ തെറ്റുകൂടാതെ എഴുതാൻ പ്രാപ്താരാക്കുക | ഇംഗ്ലീഷ് ഡയറി, My English World | ആഴ്ച്ചയിൽ 1 തവണ | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| ഇംഗ്ലീഷ് കാണാനും കേൾക്കാനുമുള്ള അന്തരീക്ഷം | ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് ബുക്കുകൾ, മാസ്സികകൾ എന്നിവ | | | |

| | | | | |
|---|---|---|---|---|
| നാടകീകരണം | SKIT | വർഷത്തിൽ ഒരിക്കൽ | SRG ഇംഗ്ലീഷ് ക്ലബ്ബ് | |
| സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക | സ്പീക്കിംഗ് കോമ്പറ്റീഷൻ<br>ഗഗ്വേജ് ഗെയിം<br>ഇംഗ്ലീഷ് അസംബ്ലി | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| കവിതാലോപനത്തിനും കവിതാരചനക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാ രചന, ആലപന മത്സരങ്ങൾ നടത്തുന്നു | ആഴ്ച്ചയിൽ<br>2 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| വയന പരിപോഷിപ്പിക്കൽ | വായനക്കുറിപ്പ് തയ്യാറാക്കൽ | 2 ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് | |
| ക്രിയാത്മകമായി എഴുതുക | സ്ക്രിപ്റ്റ് തയ്യാറാക്കൽ, മാഗസിൻ | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് | |

## ഉപമേഖല: ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/PTA |
| | | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | | 3. ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | PTA |
| 2 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനമ നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | PTA |
| 3 | <u>ശാസ്ത്ര ലാബ് നവീകരണം</u> ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേഴ്സ് | - |
| 4 | ചോദ്യപേപ്പർ ശില്പശാല പങ്കെടുപ്പിക്കൽ | തെരഞ്ഞെടുത്ത കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശിൽപശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ-ചോ ദ്യപേപ്പർ സമഗ്രയിൽ അപ്ലോഡ് ചെയ്യൽ | 3 മാസം | SRG സയൻസ് ടീച്ചേഴ്സ് | 1000/PTA |

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
